(ബി) ഈ മേഖലകൾ എന്ന് മുതൽ നിലവിൽ വന്നു; ഓരോ മേഖലയുടെയും വിസ്തീർണ്ണം എത്ര; അതിർത്തികൾ ഏതെല്ലാമാണ്;

(സി) ഓരോ മേഖലയിലേയും നിലവിലുള്ള സ്ഥിതി പ്രത്യേകം പ്രത്യേകം അവലോകനം ചെയ്തിട്ടുണ്ടോ; എങ്കിൽ പ്രധാന കണ്ടെത്തലുകൾ മേഖലതിരിച്ച് വിശദമാക്കുമോ;

(ഡി) ഓരോ മേഖലയിലും നടത്താവുന്ന വികസനസംരക്ഷണപ്രവർത്തനങ്ങൾ എന്തെല്ലാം; ഇത് സംബന്ധിച്ച് മാർഗ്ഗരേഖ തയ്യാറാക്കിയിട്ടുണ്ടെങ്കിൽ അതിന്റെ പകർപ്പ് ലഭ്യമാക്കുമോ;

(ഇ) ഈ മേഖലകളിൽ ടൂറിസം വകുപ്പിന്റെയും കെ.ടി.ഡി.സി. യുടെയും ഇടപെടലുകൾ എപ്രകാരമായിരിക്കുമെന്ന് വിവരിക്കുമോ;

(എഫ്) മേഖലകളിലെ വികസന-സംരക്ഷണ പ്രവർത്തനങ്ങൾക്ക് ആവശ്യമായ മൂലധനം എപ്രകാരം കണ്ടെത്തുവാനാണ് ഉദ്ദേശിക്കുന്നത്; ഇതിനായി എന്തൊക്കെ നടപടികൾ നാളിതുവരെ സ്വീകരിച്ചുവെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) – (എഫ്) 2005-ലെ കേരള വിനോദ സഞ്ചാരം (മേഖലകളുടെ സംരക്ഷണവും പരിപാലനവും) നിയമം അനുസരിച്ച് പ്രത്യേക വിനോദ സഞ്ചാര മേഖലകൾ രൂപീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. ഇത് സംബന്ധിച്ച് അന്തിമതീരുമാനം ആയിട്ടില്ല.

ആയുർവേദ കേന്ദ്രങ്ങളുടെ ഗുണനിലവാരം

264 [1217] *ശ്രീ. തമ്പാനൂർ രവി:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിനോദസഞ്ചാര കേന്ദ്രങ്ങളിലെ ആയുർവേദ കേന്ദ്രങ്ങളുടെ ഗുണനിലവാരം ഉറപ്പാക്കാൻ സർക്കാർ സ്വീകരിച്ചിരിക്കുന്ന നടപടികളുടെ വിശദാംശം വ്യക്തമാക്കുമോ;

(ബി) സർക്കാർ നിർദ്ദേശിച്ചിരിക്കുന്ന ഗുണനിലവാരം ഉറപ്പാക്കുന്നതിന് ഈ ആയുർവേദ കേന്ദ്രങ്ങളിൽ പരിശോധന നടത്താറുണ്ടോ;

(സി) ഇങ്ങനെ സർക്കാർ അംഗീകരിച്ചിരിക്കുന്ന ആയുർവേദ കേന്ദ്രങ്ങളുടെ എണ്ണം ജില്ല തിരിച്ച് വ്യക്തമാക്കാമോ?

ഉത്തരം

(എ) ആയുർവേദ കേന്ദ്രങ്ങളെ നിലവിലുള്ള സൗകര്യങ്ങളുടെ അടിസ്ഥാനത്തിൽ അംഗീകാരവും ഒലീവ് ലീഫ്, ഗ്രീൻലീഫ് ക്ലാസിഫിക്കേഷനും ടൂറിസം

LIBRARY ARCHIVES Kerala Legislative Assembly

വകുപ്പ് നൽകാറുണ്ട്. ഇത്തരം അംഗീകൃത സെന്ററുകളെ ആഗോളതലത്തിൽ പ്രചരിപ്പിക്കാറുമുണ്ട്.

(ബി) അംഗീകൃത കേന്ദ്രങ്ങളിൽ പരിശോധന നടത്താറുണ്ട്.

(സി) ടൂറിസം വകുപ്പ് അംഗീകാരം നൽകിയിട്ടുള്ള ആയുർവേദ കേന്ദ്രങ്ങളുടെ എണ്ണം താഴെപ്പറയും പ്രകാരമാണ്:

തിരുവനന്തപുരം	..	12
കൊല്ലം	..	2
ആലപ്പുഴ	..	2
പത്തനംതിട്ട	..	1
എറണാകുളം	..	7
കോട്ടയം	..	5
പാലക്കാട്	..	2
കോഴിക്കോട്	..	3
ഇടുക്കി	..	5
മലപ്പുറം	..	1
തൃശ്ശൂർ	..	3

വിനോദ സഞ്ചാര വികസനത്തിനായി നിർമ്മിച്ച സിനിമകൾ

265 [1218] *ശ്രീ. ലൂഡിലൂയിസ്:*

„ *എം. എം. ഹസ്സൻ:*

„ *കെ. സുധാകരൻ:*

„ *പി. ജെ. ജോയി:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിനോദ സഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിനോദസഞ്ചാര വികസനം ലക്ഷ്യമിട്ടുകൊണ്ട് ഇതുവരെ എത്ര സിനിമകൾ നിർമ്മിച്ചിട്ടുണ്ട്;

(ബി) ഈ സിനിമകൾ ഏതെല്ലാം വിദേശങ്ങളിൽ പ്രദർശിപ്പിച്ചു;

(സി) ഇവയ്ക്കുവേണ്ടി എന്ത് ചെലവ് വന്നിട്ടുണ്ട്;

(ഡി) ഇവയുടെ പ്രദർശനംമൂലം എത്ര വിദേശ വിനോദസഞ്ചാരികൾ സംസ്ഥാനത്ത് അധികമായി എത്തിച്ചേർന്നുവെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) രണ്ട് സിനിമകൾ നിർമ്മിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly